## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4112

16.12.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

## പത്താം ശമ്പളക്കമ്മീഷൻ പ്രവർത്തനം

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | പത്താം ശമ്പളകമ്മീഷന്റെ കാലാവധി എന്നാണ് പൂർത്തീകരിക്കുന്നത്; | : | പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി 2015 ജൂൺ മാസം 30-ാം തീയതി വരെയാണ്. |
| (ബി) | നിലവിലുള്ള കാലാവധിക്കുള്ളിൽ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | : | പ്രസ്തുത കാലാവധിക്കുള്ളിൽ തന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ സർക്കാരിന് സമർപ്പിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇത്തരം കാര്യങ്ങൾ ശമ്പള കമ്മീഷനുമായി ചർച്ച ചെയ്തിട്ടുണ്ടോ? | : | ശമ്പളകമ്മീഷനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കാലാവധി ദീർഘിപ്പിച്ചുനൽകിയത്. |
| (ഡി) | ജീവനക്കാർക്കും അധ്യാപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | | ജീവനക്കാർക്കും അധ്യപകർക്കും ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**